LBRD-C4/171/2025-LBRD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - വ്യാവസായിക പരിശീലനം - ജീവനക്കാര്യം- അരീക്കോട് ഐ.ടി.ഐയിലെ വാച്ച്മാനായ ശ്രീ.രാജ് മോഹൻ.ജെ.എസ്-ന്റെ അനുവദിച്ച ശൂന്യവേതനാവധിയിൽ ടിയാൾ ഉപയുക്തമാക്കാത്ത ശൂന്യവേതനാവധി റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (സി) വകുപ്പ്**

സ.ഉ.(സാധാ) നം.178/2026/LBR തീയതി,തിരുവനന്തപുരം, 10-02-2026

---

പരാമർശം:-

1. സ.ഉ(സാധാ)നം.675/2022/തൊഴിൽ , തീയതി 15/06/2022
2. അരീക്കോട് ഐ.ടി.ഐയിലെ വാച്ച്മാനായ ശ്രീ.രാജ് മോഹൻ.ജെ.എസ് 19/03/2024-ൽ സമർപ്പിച്ച അവധി അപേക്ഷ.
3. ട്രെയിനിംഗ് ഡയറക്ടറുടെ 05/07/2025 തീയതിയിലെ ഡി.ടി/3315/2024- എ7 നമ്പർ കത്ത്.

**ഉത്തരവ്**

വ്യാവസായിക പരിശീലന വകുപ്പിൻ കീഴിലെ അരീക്കോട് ഐ.ടി.ഐയിലെ വാച്ച്മാനായ ശ്രീ.രാജ് മോഹൻ.ജെ.എസ്-ന്റെ പരാമർശം-1ലെ ഉത്തരവ് പ്രകാരം പഠനാവശ്യത്തിനായി 01/11/2021 മുതൽ 31/10/2023 വരെ ശൂന്യവേതനാവധി അനുവദിച്ചിരുന്നു. എന്നാൽ ട്രെയിനിംഗ് പൂർത്തിയായതിനാൽ 01/08/2023-ന്റെ ടിയാനെ തിരികെ സേവനത്തിൽ പ്രവേശിപ്പിക്കുകയും ചെയ്തു. ടിയാൾ പ്രയോജനപ്പെടുത്താത്ത 01/08/2023 മുതൽ 31/10/2023 വരെയുള്ള ശൂന്യവേതനാവധി റദ്ദ് ചെയ്യുന്നതിനായി പരാമർശം-3ലെ കത്ത് പ്രകാരം ട്രെയിനിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അരീക്കോട് ഐ.ടി.ഐയിലെ വാച്ച്മാനായ ശ്രീ.രാജ് മോഹൻ.ജെ.എസ്-ന്റെ പരാമർശം-1ലെ ഉത്തരവ് പ്രകാരം അനുവദിച്ച ശൂന്യവേതനാവധിയിൽ ടിയാൾ ഉപയുക്തമാക്കാത്ത 01/08/2023 മുതൽ 31/10/2023 വരെയുള്ള ശൂന്യവേതനാവധി റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്
ഡെപ്യൂട്ടി സെക്രട്ടറി

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.
ശ്രീ.രാജ് മോഹൻ.ജെ.എസ് , വാച്ച്മാൻ, ഐ.ടി.ഐ, അരീക്കോട് (ട്രെയിനിംഗ് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്. (12/11/2025-ലെ 2017759/LBR-1/79/2022-FIN നമ്പർ നോട്ട് പ്രകാരം)
വിവര പൊതുജന സമ്പർക്ക വകുപ്പ്. ( ഗവൺമെന്റ് വെബ് സൈറ്റിൽ നൽകുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Usha Rani L
Date: 10-02-2026 11:55:30
സെക്ഷൻ ഓഫീസർ